**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6352** **10-07-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതിയുടെ കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ നൽകിയ വാട്ടർ കണക്ഷനുകളുടെ അടിസ്ഥാനത്തിൽ ജലജീവൻ പദ്ധതി നടത്തിപ്പിൽ കേരളം എത്രാം സ്ഥാനത്താണെന്ന് അറിയിക്കാമോ; | (എ) | നിലവിൽ 03.07.2024 തീയതി വരെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ അടിസ്ഥാനത്തിൽ ജലജീവൻ പദ്ധതി നടത്തിപ്പിൽ കേരളം 32-ാം സ്ഥാനത്താണുള്ളത്. |
| (ബി) | ജലജീവൻ പദ്ധതിയുടെ കാലാവധി എന്നുവരെ ദീർഘിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ 24.06.2024 തീയതിയിലെ നമ്പർ W-11045/2/2024-JJM-II-DDWS കത്ത് പ്രകാരം, ജലജീവൻ പദ്ധതിയുടെ കാലാവധി 31.03.2025 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് പൂർണമായും വാട്ടർ കണക്ഷനുകൾ നൽകുന്നതിന് ഇനി എത്ര രൂപയുടെ ചെലവ് വരും എന്നാണ് കണക്കാക്കിയിട്ടുള്ളത് എന്നും അതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര, സംസ്ഥാന സർക്കാരിന്റെ വിഹിതത്തിൽ ഉപഭോക്തൃ വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും എത്ര എന്നിങ്ങനെയുള്ള വിശദാംശം ലഭ്യമാക്കുമോ; | (സി) | ജല ജീവൻ മിഷൻ പദ്ധതിക്കായി ആകെ 45205.37 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഇതിൽ 03.07.2024 തീയതി വരെ ആകെ 9732.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്തു ജല ജീവൻ മിഷൻ പൂർത്തിയാക്കുന്നതിനു 35488.17 കോടി രൂപ കൂടി ആവശ്യമാണ്.<br><br>സംസ്ഥാനത്തു ജല ജീവൻ മിഷനു തുക ചെലവഴിക്കുന്നതിനുള്ള അനുപാതം താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ വിഹിതം–50%, സംസ്ഥാന സർക്കാർ വിഹിതം–25%, പഞ്ചായത്ത് വിഹിതം – 15%, ഉപഭോക്തൃ വിഹിതം – 10%. |
| (ഡി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ജലജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ബഹു: മുഖ്യമന്ത്രിയുടെ മുൻഗണന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് ജലജീവൻ മിഷൻ. കൂടാതെ ജല ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി അവലോകനം ജല വിഭവ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും നേരിട്ട് വിലയിരുന്നതിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കേരള |

| | | | |
|---|---|---|---|
| | | | വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകനയോഗങ്ങൾ നടത്തി പ്രവർത്തന പുരോഗതി നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ജല ജീവൻ മിഷൻ പ്രവൃത്തികളുടെ നിർവഹണ പുരോഗതി സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധപ്പെടുത്തുന്നുണ്ട്. നിലവിൽ സംസ്ഥാനത്തു ജല ജീവൻ മിഷൻ പദ്ധതി 37.08% പൂർത്തീകരിച്ചു കഴിഞ്ഞു. ജല ജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ കാലാവധി 31.03.2025 വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ